# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ കെ.എൽ.എം.പി11/1722/2021 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 06/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ കെ.എൽ.എം.പി11/1722/2021 /2021 തീയ്യതി: 06/06/2022

## കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി.എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 08-11-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ് എസ്, ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
ശ്രീമതി പത്മകുമാരി എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺജിത്ത് ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹർഷ എൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ധന്യ കൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഉഷാകുമാരി അമ്മ | സെക്രട്ടറി | 01-04-2019 | 12-07-2019 |

| | | | |
|---|---|---|---|
| ശ്രീമതി സതി വൈ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2019 | 14-07-2019 |
| ശ്രീ വൈ. നിസാർ | സെക്രട്ടറി | 15-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഉഷാകുമാരി അമ്മ | സെക്രട്ടറി | 01-04-2019 | 12-07-2019 |
| ശ്രീമതി സതി വൈ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി - ഇൻ-ചാർജ്ജ് | 13-07-2019 | 14-07-2019 |
| ശ്രീ വൈ നിസാർ | സെക്രട്ടറി | 15-07-2019 | 31-03-2020 |
| ശ്രീമതി സതി വൈ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 12-07-2019 |
| ശ്രീ പ്രദീപ് എം പി | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2019 | 31-03-2020 |
| ഡോ. ഗീത | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 01-04-2019 | 20-08-2019 |
| ഡോ. ധന്യ ആർ ദേവ് | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 21-08-2019 | 31-03-2020 |
| ഡോ. പ്രനിത നെൽസൺ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. ഡാലി | മെഡിക്കൽ ഓഫീസർ-സിഎച്ച്സി | 01-04-2019 | 31-03-2020 |
| ശ്രീമതി സുലത വി എസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ പ്രകാശൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സന്ധ്യ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഇന്ദിര വി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-12-2019 |
| ശ്രീമതി രേഖ പി | ഐസിഡിഎസ് സൂപ്പർവൈസർ | 01-01-2020 | 31-03-2020 |
| ശ്രീമതി ധന്യ എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ദീപ്തി എ.ആർ | വെറ്ററിനറി സർജൻ | 01-04-2019 | 27-01-2020 |
| ഡോ. രാജേഷ് | വെറ്ററിനറി സർജൻ | 28-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 24-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്<br>Written By: Padmakumari L (Asst. Audit Officer, On 24-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-5 |
| 8 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-7 |
| 10 | ഗുണഭോക്താക്കളുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിച്ചു<br>Written By: Arunjith G (Senior Grade Auditor, On 02-12-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-7.1 |
| 11 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ കൈപ്പറ്റുന്നു.<br>Written By: Arunjith G (Senior Grade Auditor, On 03-12-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-7.2 |
| 12 | ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു<br>Written By: Arunjith G (Senior Grade Auditor, On 03-12-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-7.3 |
| 13 | ക്യാഷ് പരിശോധന<br>Written By: Harsha L (Auditor, On 25-11-2021)<br>Last Updated By: Harsha L (Auditor, On 25-11-2021) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Arunjith G (Senior Grade Auditor, On 02-12-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-10 |
| 16 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല – ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി<br>Written By: Harsha L (Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-11 |
| 17 | വാടക<br>Written By: Harsha L (Auditor, On 01-12-2021) | 1-12 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 24-05-2022) | |
| 18 | വാടകക്കാരിൽ നിന്ന് സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിട്ടില്ല<br>Written By: Harsha L (Auditor, On 29-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-12 -1 |
| 19 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Harsha L (Auditor, On 25-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-13 |
| 20 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-14 |
| 21 | തെരുവ് വിളക്ക് പരിപാലനം- നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-15 |
| 22 | അംഗൻവാടി പോഷകാഹാരവിതരണം ജനറൽ & എസ്.സി.പി-സ്റ്റോക്കെടുത്തതിലേയും വിതരണത്തിലേയും അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-16 |
| 23 | ഭിന്നശേഷിക്കാർക്ക് വീൽ ചെയർ<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-17 |
| 24 | കുറ്റിക്കുരുമുളക് കൃഷി വികസനം - കുറ്റിക്കുരുമുളക് തൈവിതരണം - സബ്സിഡി അധികമായി നല്കി<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-18 |
| 25 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല.<br>Written By: Arunjith G (Senior Grade Auditor, On 02-12-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-19 |
| 26 | കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ട് വന്നു നിറയ്ക്കൽ -ഉയർന്ന നിരക്ക് നൽകി . 26,976/-രൂപ നിരാകരിക്കുന്നു.<br>Written By: S.S.Preetha (Audit Officer, On 23-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-20 |
| 27 | ഒരേ ഇനം പ്രവൃത്തിക്ക് PRICE SOFTWARE -ൽ വ്യത്യസ്ത നിരക്കിൽ ഒബ്സേർവ്ഡ് ഡാറ്റ ഉപയോഗിക്കുന്നു<br>Written By: S.S.Preetha (Audit Officer, On 25-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-21 |
| 28 | തൊഴിലുറപ്പ് പദ്ധതി -അവലോകനം<br>Written By: S.S.Preetha (Audit Officer, On 25-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-22 |
| 29 | കനാൽ-കുളം നവീകരണ പ്രവർത്തികൾ- ലഭിച്ച മണ്ണ് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല<br>Written By: S.S.Preetha (Audit Officer, On 26-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-23 |
| 30 | ദേശീയ തൊഴിലുറപ്പ് പദ്ധതി-നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു<br>Written By: S.S.Preetha (Audit Officer, On 26-11-2021)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 1-24 |
| 31 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.<br>Written By: Harsha L (Auditor, On 01-12-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അംഗൻവാടി പോഷകാഹാരവിതരണം ജനറൽ & എസ്.സി.പി-സ്റ്റോക്കിലെടുത്തതിന്റെയും വിതരണത്തിലെയും അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 05-12-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 3-1 |

| | | |
|---|---|---|
| 2 | കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ട് വന്നു നിറയ്ക്കൽ -ഉയർന്ന നിരക്ക് നൽകി . 26,976/-രൂപ നിരാകരിക്കുന്നു.<br>Written By: S.S.Preetha (Audit Officer, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 3-2 |
| 3 | ദേശീയ തൊഴിലുറപ്പ് പദ്ധതി-നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു<br>Written By: S.S.Preetha (Audit Officer, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 02-06-2022) | 3-3 |
| 4 | കുറ്റിക്കുരുമുളക് കൃഷി വികസനം - കുറ്റിക്കുരുമുളക് തൈവിതരണം - സബ്സിഡി അധികമായി നല്കി<br>Written By: Naseer S (Computer Assistant, On 25-05-2022)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arunjith G (Senior Grade Auditor, On 05-12-2021)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arunjith G (Senior Grade Auditor, On 05-12-2021)<br>Last Updated By: Naseer S (Computer Assistant, On 06-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arunjith G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 06-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |
| 4 | | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25.02.19തീയതിയിലെ 1-ആം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16.03.20 തീയതിയിലെ 4(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 02.06.2020 | - | - |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

1. KURDFC ലോണിന്റെ തൻവർഷത്തെ ചെലവ് തുക ' Prepaid Expense 'ആയി തൻവർഷത്തെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. B-3 ഷെഡ്യൂളിൽ മുൻവർഷത്തെ തുക തന്നെയാണ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷത്തെ മൂലധനചെലവുകൾ ടി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ആസ്തിമൂല്യം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

4. ക്ലോസിങ്ങ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. 'Sewerage And Drainage', Waterways എന്നിവ 2019-20 ലെ വാർഷികകണക്കിൽ അസ്സറ്റായി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഡിപ്രീസിയേഷനായി യഥാക്രമം 8766/-,1172382/- -രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

6 എസ്.എൽ.ഐ ഇനത്തിൽ ബാലൻസ്ഷീറ്റിൽ 'Liability' കാണിച്ചിട്ടുള്ളത് 7900, രൂപയാണ്. രജിസ്റ്റർ പ്രകാരം 6900/- രൂപയാണ്.

7 വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, തുകകളും വാർഷികകണക്ക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. മാർക്കറ്റ് റസീപ്റ്റ്സ് 30000/- രൂപയാണെങ്കിലും അക്കൗണ്ട്സിൽ വരവായി 25000/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

9. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം ഇനത്തിൽ വികസന ഫണ്ടിൽ നിന്നും ഈടാക്കിയ 766500/- രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,73,77,582 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹9,68,55,855 |
| ആകെ | ₹11,42,33,437 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹9,06,77,790 |
| നീക്കിയിരിപ്പ് | ₹2,35,55,647 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,53,395/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹17,97,057/- |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക | ക്യൂബിൽ വിശദാംശങ്ങൾ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18497000 | 18497000 | 17628871 | 868129 | 565012 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 18435000 | 18435000 | 11991085 | 6443915 | 3839774 |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻഗ്രാന്റ്(untied) | 0 | 14139486 | 14139486 | 7797724 | 6341762 | 2092921 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 4438000 | 4438000 | 1733317 | 2704683 | 543740 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 5346000 | 5346000 | 2858480 | 2487520 | 855149 |
| | | | | ആകെ | 18846009 | |

| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 14020000 | 14020000 | 14020000 | 0 |
| കേരളോത്സവം | 2000 | 20000 | 22000 | 22000 | 0 |
| സാക്ഷരത | 4261 | 88 | 4349 | 0 | 4349 |
| ശുചിത്വമിഷൻ ഗ്രാന്റ് | 712000 | 1149859 | 1861859 | 1822940 | 38919 |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 1058995 | 1058995 | 1058995 | 0 |
| എസ്.എസ്.എ | 5544 | 205 | 5749 | 0 | 5749 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 2097282 | 1151476 | 3248758 | 1076313 | 2172445 |
| TSC | 837711 | 0 | 837711 | 72000 | 765711 |
| MNREGS ഭരണചെലവുകൾ | 1288 | 1337526 | 1338814 | 1338814 | 0 |
| SAGY | 30000 | 0 | 30000 | 4320 | 25680 |
| ബേബിഫ്രണ്ട്ലി ടോയ്ലറ്റ് | 58000 | 0 | 58000 | 0 | 58000 |

1-4-1 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസനഫണ്ട് ജനറൽ, എസ്.സി.പി, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 240 | 1,49,66,409 | 119 | 7,30,20,296 | - | 121 | 49.37 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,288 | 13,37,526 | 13,38,814 | 13,38,814 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,92,69,234 | 3,92,69,234 | 3,92,69,234 | 0 |
| ആകെ | 1,288 | 4,06,06,760 | 4,06,08,048 | 4,06,08,048 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,30,920 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 2,57,400 | 81 |
| വിധവാപെൻഷൻ | 49,68,000 | 1636 |
| വാർദ്ധക്യകാലപെൻഷൻ | 95,24,100 | 3207 |
| വികലാംഗപെൻഷൻ | 14,69,300 | 428 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,87,200 | 1636 |

### 1-7.1 ഗുണഭോക്താക്കളുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിച്ചു

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരിച്ചതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | പെൻഷണർ ഐ.ഡി | മരണ തീയതി | പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട തീയതി | തുക ₹ |
|---|---|---|---|---|---|
| 1 | രാമചന്ദ്രൻ പിള്ള, കൈലാസ് ഭവൻ, മാറനാട് | 103220202210 | 28.08.21 | 18.11.21 | 3200 |
| 2 | ബേബി, തടവിള പടിഞ്ഞാറ്റതിൽ, കൈതക്കോട് | 103220200163 | 17.07.21 | 06.09.21 | 3200 |
| 3 | ശ്രീധരൻപിള്ള, ശ്രീവിലാസം, കൈതക്കോട് | 103220201543 | 01.08.21 | 06.09.21 | 1600 |
| 4 | ജോൺ, ആലയ്ക്കൽ വീട്, കരിമ്പിൻപുഴ | 103220202032 | 05.07.21 | 14.09.21 | 3200 |
| 5 | കുഞ്ഞുകൃഷ്ണൻ, കൃഷ്ണവിലാസം, ഇടവട്ടം | 103220203132 | 05.03.21 | 06.05.21 | 1500 |

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഈ ലിസ്റ്റ് അപൂർണ്ണമാണ്.

മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. വാർഡ് ജനപ്രതിനിധികളുടേയും സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗ സ്ഥന്റേയും കൂട്ടുത്തരവാദിത്തത്തിൽ മരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം ശേഖരിച്ച് മരണതീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്തു അനർഹമായി അനുവദിച്ച തുക ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 12/22.11.21

### 1-7.2 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ കൈപ്പറ്റുന്നു.

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ താഴെപറയുന്ന ഗുണഭോക്താക്കൾ ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്നവരാണെന്ന് ധനകാര്യവകുപ്പ് കണ്ടെത്തിയതിനെ തുടർന്ന് ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും ഈ വ്യക്തികൾക്ക് കത്ത് നൽകിയിട്ടുണ്ട്. സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | പെൻഷണർ ഐ.ഡി | ട്രഷറിയുടെ പേര് | പി പി ഒ നം. | അനർഹമായി കൈപ്പറ്റിയ തുക ₹ | തുക തിരികെ ഒടുക്കി രസീത് നം. തീയതി |
|---|---|---|---|---|---|---|
| 1 | ഏലിക്കുട്ടി<br>മരുത്തൂർ ഹൗസ്,<br>കൈതക്കോട് പി.ഒ | 103220201661 | കുണ്ടറ സബ് ട്രഷറി | QLN16794 | 7300 | |
| 2 | ചെല്ലമ്മ, ആർ.കെ.സദനം, കൈതക്കോട് പി.ഒ | 103220203918 | കൊട്ടാരക്കര സബ് ട്രഷറി | SF/KTR/698 | 25200 | |
| 3 | ഷീലാഭായി,<br>ലക്ഷ്മിനിവാസ്,<br>കാരിക്കൽ, കരിമ്പിൻപുഴ പി.ഒ | 103220400271 | കൊട്ടാരക്കര സബ് ട്രഷറി | 3100011238 | 9200 | |
| 4 | ശാന്തമ്മ,<br>സീമ മന്ദിരം, പ്ളാക്കാട് കോളനി<br>കാരുവേലിൽ പി.ഒ | 103220203397 | കുണ്ടറ സബ് ട്രഷറി | 23547403 | 41300 | |
| 5 | ശ്രീധരൻനായർകൊട്ടാരം വീട് , ചെറുപൊയ്ക പി.ഒ | 103220202815 | കൊട്ടാരക്കര സബ് ട്രഷറി | 110830037 | 55100 | |
| 6 | സുരേശൻ വി.ഡി<br>വൃന്ദാവനം, എ<br>സ്.എൻ.പുരം,<br>പവിത്രേശ്വരം പി.ഒ | 103220400424 | കൊട്ടാരക്കര സബ് ട്രഷറി | 3100010264 | 38600 | |
| 7 | തങ്കമ്മ,<br>ആന്നൂർ വീട്,കൈതക്കോട് പി.ഒ | 103220201634 | കുണ്ടറ സബ് ട്രഷറി | QLN13299 | 67100 | |
| 8 | മേരിക്കുട്ടി,<br>ആലുവിള കിഴക്കതിൽ,<br>ഇടവട്ടം,കാരുവേൽ പി.ഒ | 103220601335 | കുണ്ടറ സബ് ട്രഷറി | 23392003 | 68500 | |
| 9 | സരോജിനി.സി<br>ചരുവിള വീട്,<br>കൈതക്കോട് പി.ഒ | 103220202957 | കുണ്ടറ സബ് ട്രഷറി | QLN/13848 | 38000 | |
| 10 | രാജപ്പൻ.എൻ<br>ആലുംമൂട്ടിൽ വീട്<br>കരിമ്പിൻപുഴ പി.ഒ | 103220200915 | കൊട്ടാരക്കര സബ് ട്രഷറി | 111473480 | 67500 | |
| 11 | ലക്ഷ്മികുട്ടിയമ്മ | 103220201375 | കൊട്ടാരക്കര | KTR/2742 | 7300 | INB Reference |

| | | | | | | |
|---|---|---|---|---|---|---|
| | ചന്ദ്രഭവനം, മാറനാട്, കാരുവേലിൽ പി.ഒ | | സബ് ട്രഷറി | | | No:IRQ1767434 10-june-2021 |
| 12 | ഓമന മിനിഭവനം ചെറുമങ്ങാട് പുത്തൂർ പി.ഒ | 103220202135 | കൊട്ടാരക്കര സബ് ട്രഷറി | 27600504KTR | 53200 | |
| 13 | ദേവകി റ്റി, ശശിവിലാസം, മാറനാട് പിഒ | 103220202190 | കൊട്ടാരക്കര സബ് ട്രഷറി | KTR/4947 | 62,600 | |
| 14 | കമലാക്ഷി എൻ, മറുമുട്ടത്ത് വീട്, എസ് എൻ പുരം | 103220203181 | കൊട്ടാരക്കര സബ് ട്രഷറി | 140829965 | 41,200 | |
| 15 | കുഞ്ഞുമോൻ, ബിന്ദ മന്ദിരം, പവിത്രേശ്വരം പിഒ | 103220203773 | കൊട്ടാരക്കര സബ് ട്രഷറി | 28036004 | 37,600 | |
| 16 | രവീന്ദ്രൻ പിള്ള, രവീശഭവൻ, പവിത്രേശ്വരം | 103220203989 | കൊട്ടാരക്കര സബ് ട്രഷറി | 1276/SF/KTR | 47,100 | |
| 17 | എൽ സീതമ്മ, ദീപു സദനം, എസ് എൻപുരം, പവിത്രേശ്വരം | 103220600223 | കൊട്ടാരക്കര സബ് ട്രഷറി | 111229658 | 87,000 | |
| 18 | മിനി.ജെ, നന്ദനം, ഇടവട്ടം, കാരുവേലിൽ | 103220601839 | കൊട്ടാരക്കര ജില്ലാ ട്രഷറി | 141831418 | 5,600 | |
| 19 | ഉണ്ണികൃഷ്ണൻ നായർ എം, ആലിന്റെ വടക്കതിൽ, കൈതക്കോട് | 103220400428 | കൊട്ടാരക്കര ജില്ലാ ട്രഷറി | 111216108 | 38,600 | |
| 20 | ഭവാനിയമ്മ, മണപ്പുറത്ത് വീട്, ഇടവട്ടം | 103220600353 | കുണ്ടറ സബ് ട്രഷറി | 16820/KO/TN | 78,000 | |
| 21 | രാജമ്മ എൽ, ദീപാലയം, ഈസ്റ്റ് മാറനാട്, മാറനാട് | 103220202913 | കുണ്ടറ സബ് ട്രഷറി | 2081/QLN | 34,600 | |
| 22 | മറിയക്കുട്ടി, ഷീജാലയം, കൈതക്കോട്, | 103220202785 | കുണ്ടറ സബ് ട്രഷറി | 3100009685 | 54,200 | |
| 23 | ശാന്തമ്മ, ഉണ്ടുവിള തെക്കതിൽ, ഭജനമഠം, ചെറുപൊയ്ക | 103220601504 | ശാസ്താംകോട്ട സബ് ട്രഷറി | 111065054 | 49,800 | |
| 24 | ശാന്തമ്മ, ശാന്തമന്ദിരം, കാരിക്കൽ, കരിമ്പിൻപുഴ | 103220204014 | അടൂർ സബ് ട്രഷറി | 30151905 | 17,500 | |
| 25 | ലക്ഷ്മികുട്ടിയമ്മ, പ്ലാവിള പുത്തൻവീട്, ചെറുമങ്ങാട്, പുത്തൂർ | 103220202119 | കൊട്ടാരക്കര സബ് ട്രഷറി | 1032KTR | 69,600 | |

ഫയൽ പരിശോധിച്ചതിൽ മേൽ പറഞ്ഞിരിക്കുന്ന വ്യകതികൾക്ക് തുക തിരികെ ഒടുക്കാൻ ആവശ്യപ്പെട്ട് 26.04.21 ൽ കത്ത് നൽകിയിരുന്നതായി കാണുന്നു. ഇതേ തുടർന്ന് ഒരു ഗുണഭോക്താവ് തുക തിരികെ ഒടുക്കിയിട്ടുണ്ട്. മറ്റു ഗുണഭോക്താക്കൾ തുക ഒടുക്കുകയോ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിച്ച് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ടി വ്യക്തികൾ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-12/20-21/22.11.21

1-7.3 ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക്

തുക അനുവദിച്ച

സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളുടെ മരണ ശേഷവും അവരുടെ പേരിൽ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | പേര് , വിലാസം ശ്രീ ശ്രീമതി | പെൻഷണർ ഐഡി | മരിച്ച തീയതി | പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട തീയതി | അനുവദിച്ച തുക ₹ |
|---|---|---|---|---|---|
| 1 | നാരായണൻ, പട്ടാശ്ശേരിൽ, പവിത്രേശ്വരം | 103220100025 | 15.08.19 | 05.11.21 | 3600 |
| 2 | രാഘവൻ പിള്ള, ഉണ്ടുവിള ഇടയിലപ്പുര, ചെറുപൊയ്ക | 103220100031 | 25.01.19 | 08.11.21 | 4800 |
| 4 | ഭവാനി, പുറ്റമൺകരകിഴക്കതിൽ, കൈതക്കോട് | 103220100072 | 29.03.17 | 08.11.21 | 7700 |
| 5 | വിശ്വനാഥൻപിള്ള, പാറവിള പുത്തൻവീട്, ചെറുപൊയ്ക | 103220100091 | 07.07.19 | 08.11.21 | 3600 |
| 6 | തങ്കമ്മ, ഇടവഴിത്തുണ്ടിൽ, കരിമ്പിൻപുഴ | 103220201225 | 06.03.21 | 18.10.21 | 4800 |
| 7 | ഈശ്വരി, കൊല്ലന്റഴികത്ത് വീട്, ചെറുമങ്ങാട് | 103220600521 | 19.04.20 | 18.10.21 | 24,900 |
| 9 | യോഹന്നാൻ, മുകളുവിളമേലതിൽ, എസ് എൻ പുരം | 103220200190 | 05.06.19 | 06.11.21 | 1200 |
| 10 | ഉമ്മച്ചൻ, തോന്നല്ലൂർ പടിഞ്ഞാറ്റതിൽ, ചെറുമങ്ങാട് | 103220200272 | 22.12.18 | 05.11.21 | 16,500 |
| 11 | കുഞ്ഞമ്മ വർഗ്ഗീസ്, കൊല്ലൻവിളാകത്തുവീട്, കൈതക്കോട് | 103220200305 | 25.02.16 | 05.11.21 | 48,000 |
| 12 | രമണി, സിന്ധുവിഹാർ, മാറനാട് | 103220400057 | 23.11.20 | 18.10.21 | 16,900 |
| 13 | പത്മകുമാരി, ശ്രീഭവൻ, കരിമ്പിൻ പുഴ | 103220600389 | 19.12.19 | 18.10.21 | 35,800 |

അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20, പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശ്ശസ്വയംഭരണ വകുപ്പിന്റെ 16.06.21 ലെ 6809/2020 സർക്കുലർ പ്രകാരം എല്ലാ മാസവും 20 ആം തീയതിക്കകം 'ഡയറക്ട് ഹോം' രീതിയിൽ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളിൽ 'Deceased' എന്നു കാണിച്ചിട്ടുള്ളവരുടെ പെൻഷൻ വിശദമായ അന്വേഷണത്തിലൂടെ സസ്പെൻറ് ചെയ്യേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ ഉടൻ പ്രാബല്യത്തിൽ സസ്പെൻറ് ചെയ്യേണ്ടതാണ്. ഒപ്പം വിതരണം ചെയ്യാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.21 തീയതിയിൽ 12.00pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6738/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാന്വൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളോടും വിമർനങ്ങളോടും കൂടി അംഗീകരിക്കുന്നു.

അനുപൂരകപോഷകാഹാരപദ്ധതി നടത്തിപ്പ് -ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് -കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കുന്നതിന് യഥാസമയം ഭരണസമിതി തീരുമാനം നല്കാത്തത് മൂലം മുൻവർഷത്തിലെ കൂടിയ നിരക്ക് നല്കേണ്ടിവരുകയും കൂടുതൽ തുക ചെലവഴിക്കേണ്ടി വരുകയുമുണ്ടായി. കറവ പശുവളർത്തൽ -ഗുണഭോക്താക്കൾ വീടുകളിലുള്ള പശുക്കളെ തന്നെ വാങ്ങിയതായി രേഖയുണ്ടാക്കുകയും ബന്ധുക്കളുടെ അക്കൗണ്ട് പഞ്ചായത്തിൽ ഹാജജരാക്കി തുക കൈപ്പറ്റുകയും ചെയ്യുന്ന രീതി നടന്നുവരുന്നു. മേൽ വിഷയം ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന് നിർവ്വഹണഘട്ടത്തിലുണ്ടാകുന്ന സ്വാധീനം മൂലമാണെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. ക്ഷീരവികസനവും സ്വയംതൊഴിലും വരുമാനവും ലക്ഷ്യമാക്കിയുള്ള പദ്ധതി സബ്സിഡി തുക കൈപ്പറ്റൽ മാത്രമായി തീരുന്നത് തടയുന്നതിന് പർച്ചേസ് കമ്മിറ്റി ,ഭരണസമിതി എന്നിവ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) നടപ്പിലാക്കിയ നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. 2018-19 സാമ്പത്തികവർഷം മുതൽ ഗുണഭോക്താക്കൾക്ക് വിവിധ ഗഡുതുകകൾ അനുവദിച്ചു വരുന്നുണ്ട്. എന്നാൽ തുക അനുവദിച്ച തീയതി, ബിൽ നമ്പർ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കൾ എതു സാമ്പത്തികവർഷം ഏതൊക്കെ ഗഡുതുകകൾ കൈപ്പറ്റിയെന്നും എപ്പോളാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയതെന്നും രജിസ്റ്ററിൽ നിന്നും അറിയാൻ സാധിക്കുന്നില്ല.

ഷോപ്പിങ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നല്കിയവരുമായി ഉണ്ടാക്കിയ കരാറുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ല. വാടക കരാറുകൾ ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

അസി. എഞ്ചിനീയർ സൂക്ഷിക്കുന്ന സെക്യൂരിറ്റി ഡിപ്പോസിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തി ആധികാരികമാക്കി സൂക്ഷിക്കുന്നില്ല. പ്രവൃത്തി പൂർത്തീകരണ തീയതി രജിസ്റ്ററിൽ എഴുതിയിട്ടില്ലാത്തതിനാലും, കരാറുകാരൻ സ്ഥിരനിക്ഷേപം തിരികെ വാങ്ങുന്ന തീയതി രേഖപ്പെടുത്തി കൈയൊപ്പ് വയ്ക്കാത്തതിനാലും ഡിഫെക്റ്റ് ലൈബിലിറ്റി പിരീഡ് കഴിഞ്ഞാണോ കരാറുകാരുടെ സെക്യൂരിറ്റി സ്ഥിരനിക്ഷേപം തിരികെ വാങ്ങിയതെന്ന് അറിയാൻ കഴിയുന്നില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ പരിശോധിച്ചതിൽ 129 വർക്കുകളിൽ കരാറുകാർ തീയതി രേഖപ്പെടുത്താതെ സ്ഥിരനിക്ഷേപം വാങ്ങിയിട്ടുണ്ട്. രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അപാകതകൾ ഓഡിറ്റ് ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.20 | 11/2019 - 12/2019 | 16.01.20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2019 | 2014-15 To 2018-19 | 23.12.2019 |

1-11 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല – ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി

2019-20 സാമ്പത്തിക വർഷം പവിത്രേശ്വരം ക്ഷീരോൽപ്പാദക സഹകരണ സംഘം എന്ന സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഒടുക്കിയിട്ടില്ലെന്ന് തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ബോധ്യപ്പെട്ടു. ഡിമാന്റ് ചെയ്ത് നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി രണ്ട് അർദ്ധവർഷങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പലിശയോട് കൂടി 23/11/21 തീയതിയിൽ 121010101589, 121010101590 എന്നീ നമ്പർ രസീതുകൾ പ്രകാരം അടവാക്കിയ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. നികുതി കുടിശ്ശിക വരുത്താതെ ആയത് കൃത്യ സമയത്ത് ഈടാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി : 07/20.11.21

1-12 വാടക

ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പൊരീക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 1074, 1075 നമ്പർ കടമുറികൾ(മാസ വാടക:-800/-രൂപ) യേശുദാസൻ, ലൂർദ് വിലാസം, കൈതക്കോട് എന്ന വ്യക്തിക്ക് തൻവർഷം വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. 2019-20 സാമ്പത്തിക വർഷം ആദ്യ മൂന്ന് മാസത്തെ വാടക തുക ഒടുക്കിയ രേഖകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി ഇറച്ചി വ്യാപാരം നടത്തുന്നുവെന്ന് പരാതി ലഭിച്ചതിനെ തുടർന്ന് കടമുറികൾ ഒഴിപ്പിക്കുകയും നാളിതുവരെയായി ഒഴിഞ്ഞ് കിടക്കുന്നതായും കാണുന്നു. ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഷോപ്പിംഗ് കോംപ്ലക്സിലെ 1074, 1075 നമ്പർ കടമുറികളുടെ ലേലം 2019 ജൂലൈ മാസം റദ്ദ് ചെയ്യുന്നും 25.02.2020 തീയതിയിലെ പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റിയുടെ 3-ാം നമ്പർ തീരുമാനപ്രകാരം ടി കടമുറികൾ കൃഷിഭവന്റെ കാർഷിക വിപണന കേന്ദ്രത്തിന് നൽകാൻ തീരുമാനിച്ചെന്നും നിലവിൽ കാർഷിക വിപണന കേന്ദ്രം പ്രവർത്തിച്ച് വരികയാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. കാർഷിക വിപണിയ്ക്കായി കടമുറികൾ വാടകരഹിതമായി നൽകിയത് അംഗീകരിക്കാൻ കഴിയാത്തതാണ്. ആയത് പി.ഡബ്ല്യൂ.ഡി നിശ്ചയിക്കുന്ന നിരക്കിൽ വാടക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 08/20.11.21

1-12 -1 വാടകക്കാരിൽ നിന്ന് സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സിലെ 307-ആം നമ്പർ കടമുറി മനോരാജ്, ശിവമഹിമ, കാരിയ്ക്കൽ എന്ന വ്യക്തിയ്ക്കും, 308-ആം നമ്പർ കടമുറി അശ്വതി, വസന്തമന്ദിരം, പവിത്രേശ്വരം. പി.ഒ എന്ന വ്യക്തിയ്ക്കും തൻവർഷം ലേലം നടത്തി വാടകയ്ക്ക് നല്കുകയും മുൻ സാമ്പത്തിക വർഷം ഈടാക്കിയ മാസവാടകയിൽ നിന്നും 5% വർദ്ധനവ് വരുത്തി വാടക ഈടാക്കുകയും ചെയ്യുന്നു. എന്നാൽ വാടകക്കാരിൽ നിന്നും പഞ്ചായത്ത് ബൈലോ പ്രകാരം മൂന്ന് മാസത്തെ വാടക തുക സെക്യൂരിറ്റി നിക്ഷേപമായി ഈടാക്കിതിന്റെ രേഖകൾ ഇല്ല. സെക്യൂരിറ്റി നിക്ഷേപം ഈടാക്കാതെ കടമുറികൾ വാടകയ്ക്ക് നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സെക്യൂരിറ്റി നിക്ഷേപം ഈടാക്കാതെ കടമുറികൾ വാടകയ്ക്ക് നല്കിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. വാടകക്കാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി : 08/20.11.21

1-13 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19- ലെ സി.എസ്.എ 9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിലും സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ ടി സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുകയോ ചെയ്തിട്ടില്ലെന്ന് 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ റേഷൻ കടകൾക്കും ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കുന്നതിലേക്കായി ലൈസൻസീകളുടെ പേര്, അഡ്രസ്സ്, റേഷൻകട നമ്പർ എന്നിവ നൽകുവാൻ രണ്ട് തവണ കൊട്ടാരക്കര താലൂക്ക് സിവിൽ സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയെങ്കിലും യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ലായെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെക്രട്ടറി ബോധിപ്പിച്ചു. കത്തിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. ലൈസൻസ് എടുക്കുന്നതിലേക്കായി റേഷൻ റീട്ടെയിൽ ഡിപ്പോ ഉടമകൾ അപേക്ഷകൾ നൽകി തുടങ്ങിയിട്ടുണ്ടെന്നും, മുഴുവൻ റേഷൻ കടകളും ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നുമാണ് മറുപടിയിലുള്ളത്.

റേഷൻകടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി : 11/23.11.21

1-14 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക, ഫണ്ട്, സ്ഥാപനം | ചെലവഴിച്ച തുക (ബിൽ നം) | തടസ്സപ്പെടുത്തുന്ന തുക(രൂ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | പ്രോ നം 144/20 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ, 190000/- വികസനഫണ്ട് സി.എഫ്.സി, വാട്ടർ അതോറിറ്റി, കൊല്ലം. | 190000/- ബിൽ നം. 18/18-1-20 | 190000/- | വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | 244/20 പൊരീക്കൽ മാർക്കറ്റ് ബിൽഡിങ് ഇലക്ട്രിഫിക്കേഷൻ, മെയിന്റനൻസ് ഫണ്ട് നോൺറോഡ് 100000/-, തനത്ഫണ്ട് 87739/- PWD ഇലക്ട്രിക്കൽ സ്റ്റേഷൻ, കൊല്ലം | 187739/- ബിൽ നം. 29/23-3-20 100000/- ചെക്ക് നം. 3438521/12-12-19 87739/- | 187739/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 3 | 65/20 ജീവനം ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ, | 50000/-ബിൽ നം8/29-8-19 | 50000/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| | വികസനഫണ്ട് 50000/- ജില്ലാപഞ്ചായത്ത് | | | |
| 4 | 164/20 സ്ട്രീറ്റ്മെയ്ൻ വലിക്കൽ, വികസനഫണ്ട് സി.എഫ്.സി 200000/- KSEB, പൂത്തൂർ | 183019/-ബിൽ നം12/17-10-19 | 183019/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 5 | 142/20 സ്ട്രീറ്റ്മെയ്ൻ വലിക്കൽ, വികസനഫണ്ട് സി.എഫ്.സി 685000/- KSEB, ഈസ്റ്റ് കല്ലട – 184926/- KSEB, എഴുകോൺ – 149940/- KSEB, പുത്തൂർ – 325916/- | 660782/- (184926/-ബിൽ നം 14/17-1-20, തുക 149940/- ബിൽ നം 20/26-2-20, 325916/- ബിൽ നം 22/18-3-20) | 660782/- | പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 6 | 143/20 സ്ട്രീറ്റ്മെയ്ൻ വലിക്കൽ, വികസനഫണ്ട് എസ്.സി.പി KSEB, എഴുകോൺ | 39984/- ബിൽ നം 19/6-2-20 | 39984/- | പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| | | ആകെ | 1311524/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ വിവരം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം – 1/12-11-21

തടസ്സപ്പെടുത്തുന്ന തുക – 1311524/- രൂപ

1-15 തെരുവ് വിളക്ക് പരിപാലനം- നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 183/20, തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് – 700000/- |
| ചെലവഴിച്ച തുക | 161832/- (ബിൽ നം 15/25-1-20) , |

2019-20ൽ 700000/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്ന മേൽ പദ്ധതി നടത്തിപ്പിന് വേണ്ടി ഇ-ടെണ്ടർ ക്ഷണിച്ച് കൊണ്ടുള്ള 7-8-19 ലെ ഇ.ദർഘാസ് പരസ്യത്തിൽ തെരുവുവിളക്കുകൾ മുടക്കം കൂടാതെ പ്രകാശിപ്പിക്കുന്നതിന് ലേബർ ചാർജ്ജുൾപ്പെടെയുള്ള നിരക്കുകൾക്വോട്ട് ചെയ്യണമെന്നുംഒരു തെരുവ് വിളക്ക് മെയിന്റനന്സ് നടത്തി പ്രകാശിപ്പിക്കുന്നതിനുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടതെന്നും കരാർ ലഭിക്കുന്നവർ ഒരു വർഷത്തെ വാറന്റി കൂടി മെയിന്റനന്സ് നടത്തിയ തെരുവ് വിളക്കുകൾക്ക് നല്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. ടെണ്ടർ ക്ഷണിച്ച് കൊണ്ടുള്ള വിൻഡോ പരസ്യത്തിൽ മെയിന്റനൻസ് ചെയ്യേണ്ട ഉപകരണങ്ങളായി 1330 സി.എഫ്.എൽ, 285 ഡബിൾട്യൂബ്സെറ്റ്, 950 സിംഗിൾ ട്യൂബ്സെറ്റ് എന്നതും ഉൾപ്പെടുത്തിയിരുന്നു. ലഭിച്ച കരാറുകളിൽ ബോസ് ലൈറ്റ്സ് 655/- രൂപയും അനസ് ന്യൂടെക് അസോസിയേറ്റ്സ് സി.എഫ്.എലിന് 249/- രൂപയും ഡബിൾട്യൂബ്സെറ്റിന് 480/- രൂപയും സിംഗിൾ ട്യൂബ്സെറ്റിന് 350/- രൂപയും കൂടി 800470/- രൂപയും ശശിധരൻ പിള്ള എന്ന ഇലക്ട്രിക്കല് കോൺട്രാക്റ്റർ ഇനം തിരിച്ചുള്ള നിരക്ക് രേഖപ്പെടുത്താതെ 678000/- രൂപയുമാണ് രേഖപ്പെടുത്തിയിരുന്നത്.

സമർപ്പിച്ച ടെണ്ടറുകളിലെ വിശദവിവരം ചുവടെ ചേർക്കുന്നു.

3 ടെണ്ടറുകളിലും ദർഘാസ് നിബന്ധനകൾ പാലിച്ചിരുന്നില്ല

എന്നാൽ 31-8-19 ലെ2(2) കമ്മിറ്റി തീരുമാനപ്രകാരം 678000/- രൂപ രേഖപ്പെടുത്തിയ ശശിധരൻ പിള്ള ക്ക് കരാർ നല്കുകയും കരാർ തുകയെ ആകെ തെരുവുവിളക്കുകളുടെ എണ്ണം (1330+285+950=2565) കൊണ്ട് ഡിവൈഡ് ചെയ്ത് ഒരു തെരുവ് വിളക്കിന് 264/- രൂപ എന്ന ക്രമത്തിൽ നല്കുകയും ചെയ്തു. ടെണ്ടർ നടപടിയിലെയുംപദ്ധതി നടത്തിപ്പിലെയും അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ നിബന്ധനകൾ പാലിക്കാത്ത സാഹചര്യത്തിൽ റീടെണ്ടർ ചെയ്തിട്ടില്ല.

2. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ യുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കുകയോ തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുകയോ ചെയ്യുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ രേഖകളില്ലാത്ത സാഹചര്യത്തിൽ എണ്ണം അടിസ്ഥാനമാക്കി തുക നിശ്ചയിച്ചതെങ്ങനെയെന്ന് വ്യക്തമല്ല.

ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററിൽ 19 വാർഡുകളിലുമായി 676 എൽ.ഇഡി ഉണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് ഇനങ്ങളുടെ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3. തെരുവ് വിളക്കുകളുടെപരാതി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.അതിനാൽ പരാതിയിൽ ആവശ്യപ്പെട്ട പ്രകാരമാണോ മെയിന്റനൻസ് നടത്തിയതെന്ന് വ്യക്തമല്ല.

4. കരാർ കാലയളവിൽ മേൽ പദ്ധതിക്കായി ( 18-9-19 To 18-9-20 ) 587136/- (161832(2019-20) + 425304(2020-21)) രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. ആകെയുള്ള 2565 തെരുവ് വിളക്കുകളിൽ 2224വിളക്കുകൾ മെയിന്റനൻസ് നടത്തിയ ഇനത്തിലാണ് തുക നല്കിയിട്ടുള്ളത്. സെക്രട്ടറിയുടെ തെരുവ് വിളക്ക് വാങ്ങൽ പദ്ധതികൾ പ്രകാരം2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 656 പുതിയ തെരുവ് വിളക്കുകൾ വാങ്ങി നിലവിലുള്ള പോസ്റ്റുകളിലെ വിളക്കുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. (10-2-20 ൽ 50 എൽ.ഇ.ഡി, 29-2-20 ൽ2 34 എൽ.ഇ.ഡി (82+152), 11-3-20 ൽ 54, സിംഗിൾ ട്യൂബ്സെറ്റ്, 11-3-20 ൽ 318 ട്യൂബ്സെറ്റ്. പുതിയ തെരുവ് വിളക്കുകൾ വാറന്റി പീരിയഡിലുള്ളതായതിനാൽ ടി വിളക്കുകൾക്ക് മെയിന്റനൻസ് ആവശ്യമായി വരുന്നില്ല. മെയിന്റനൻസ് നടത്തുന്നവയ്ക്ക് കരാറുകാരൻ ഒരു വർഷത്തെ വാറന്റി ഉറപ്പാക്കേണ്ടതിനാൽ മെയിന്റനൻസ് നടത്തിയവയുടെ എണ്ണവും പുതുതായി വാങ്ങിയ വിളക്കുകളുടെ എണ്ണവും ആകെ വിളക്കുകളുടെഎണ്ണവുമായി (2565) പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് സൂചിപ്പിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാലവർഷവും ഇടിമിന്നലും മൂലം മിക്ക സ്ഥലങ്ങളിലും തെരുവ് വിളക്കുകൾ പ്രകാശിക്കാത്ത നിലയിലാണെന്നും അടിയന്തിരമായി അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി ആവശ്യപ്പെട്ടതിനാലും വീണ്ടും ടെണ്ടർ വിളിക്കുന്നത് ഒരു മാസത്തെ കാല താമസം ഉണ്ടാക്കുമെന്നതിനാലുമാണ് കുറഞ്ഞതുകയായ 678000/- ത്തിന് കരാറിലേർപ്പെട്ടിട്ടുള്ളതെന്നും ഇത് മൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ സൂചിപ്പിക്കുന്ന യാതൊരു രേഖകളും പഞ്ചായത്തിൽ ഇല്ലാത്തതിനാലും എണ്ണത്തെ അടിസ്ഥാനമാക്കി തുക നല്കുന്നതിനാലും മേൽ മറുപടി അംഗീകരിക്കുന്നില്ല. നടപടിക്രമങ്ങളിലെ അപാകതകൾ മൂലം പദ്ധതിക്ക് വേണ്ടി ഓഡിറ്റ് വർഷം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് പരിധിയിലെ വാറന്റി പീരിയഡിലുള്ള തെരുവുവിളക്കുകളൊഴികെയുള്ളവയുടെ എണ്ണം കൃത്യമാക്കി കരാറുകാരന് നല്കിയ തുക കൃത്യമാക്കേണ്ടതും അധികമായി തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

എൻക്വയറി നം 1/12-11-21

തടസ്സപ്പെടുത്തുന്ന തുക – 161832/- രൂപ

1-16 അംഗൻവാടി പോഷകാഹാരവിതരണം ജനറൽ & എസ്.സി.പി- സ്റ്റോക്കെടുത്തതിലേയും വിതരണത്തിലേയും അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| | |
|---|---|
| പ്രോജക്റ്റ് നം | 9/20 & 10/20 അംഗൻവാടി പോഷകാഹാരവിതരണം ജനറൽ & എസ്.സി.പി |
| അടങ്കൽ തുക | 1). 3000000/- (വികസനഫണ്ട് ജനറൽ 800000/-, കേന്ദ്രാവിഷ്കൃത ഫണ്ട് 1800000/-, ജില്ലാപഞ്ചായത്ത് 400000/-)<br>2). 900000/- (വികസനഫണ്ട് എസ്.സി.പി 500000/-, കേന്ദ്രാവിഷ്കൃത ഫണ്ട് 200000/-,<br>ജില്ലാപഞ്ചായത്ത് 200000/-) |
| ചെലവഴിച്ച തുക | 1). 2050752/- (വികസനഫണ്ട് ജനറൽ 799439/-, കേന്ദ്രാവിഷ്കൃത ഫണ്ട് 1076313/-, ജില്ലാപഞ്ചായത്ത് 175000/-)<br>2). 699776/- (വികസനഫണ്ട് എസ്.സി.പി 499776/-, ജില്ലാപഞ്ചായത്ത് 200000/-) |

മേൽ പദ്ധതികൾ വഴി 2019-20ൽ നടപ്പിലാക്കിയ അംഗൻവാടി പോഷകാഹാരവിതരണത്തിന്റെ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ബിൽ പ്രകാരമുള്ള ഭക്ഷ്യസാധനങ്ങൾ പൂർണ്ണമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു.വിശദവിവരം ചുവടെ ചേർക്കുന്നു.

| സപ്ലൈകോ ബിൽ നം | വാങ്ങിയ സാധനങ്ങൾ | സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളത് | വിതരണം ചെയ്യാത്ത ഭക്ഷ്യസാധനങ്ങളുടെ അളവ് | വിതരണം ചെയ്യാത്ത ഭക്ഷ്യസാധനങ്ങളുടെ വില | ബിൽ നം |
|---|---|---|---|---|---|
| 19432/30-5-19 സപ്ലൈകോ | റാഗി പൗഡർ-1027@61.16/- | 984 | 43 | 2629.88 | 3/27-7-19 തുക 731579/- |
| | ആട്ട-3081@45.41/- | 2931 | 150 | 6811.5 | |
| | ശർക്കര-1092@49 | 984 | 108 | 5292/- | |
| 191100/29-7-19 സപ്ലൈകോ | റാഗി പൗഡർ-984@61.16/- | 953 | 31 | 1895.96 | 4/22-8-19 തുക 242349/- |
| | ആട്ട-2952@45.41/- | 2925 | 27 | 1226.07 | |
| | ശർക്കര-982@49 | 953 | 29 | 1421 | |
| | | | | 19276.41 | |

സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാത്ത ഭക്ഷ്യസാധനങ്ങളുടെ വിലയായ 19276.41 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. 2019-20 കാലയളവിൽ തന്നെ ഭക്ഷ്യസാധനങ്ങൾ കയറ്റിറക്ക് നടത്തുന്ന കരാറുകാരൻ സ്റ്റോക്ക് കുറവായി ഇറക്കിയതിനെ തുടർന്ന് ടിയാളിൽ നിന്നും തുക ഈടാക്കിയിരുന്നു. മേൽ വിഷയം സൂചിപ്പിച്ച നല്കിയ എൻക്വയറിയുടെ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കാമെന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ പരാമർശിച്ചിട്ടുള്ളത് എന്നതിനാൽ, നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. മേൽ വിഷയത്തിൽ അന്വേഷണം നടത്തേണ്ടതും ഉത്തരവാദികളിൽ നിന്നും തുക തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്ക് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 13

നിരാകരിക്കുന്ന തുക – 19,276/- രൂപ

### 1-17 ഭിന്നശേഷിക്കാർക്ക് വീൽ ചെയർ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്റ്റ് നം | 174/20 ഭിന്നശേഷിക്കാർക്ക് വീൽ ചെയർ (സ്പിൽ ഓവർ) |
| അടങ്കൽ തുക | 125000/- വികസനഫണ്ട് ജനറൽ |

| | |
|---|---|
| ചെലവഴിച്ച തുക | 123701/- ബിൽ നം 1/25-5-19 |

2019-20ലെ സ്പിൽ ഓവർ പദ്ധതി ആയ മേൽ പദ്ധതി വഴി 9 വീൽചെയർ വാങ്ങുന്നതിന് വികലാംഗക്ഷേമ കോർപ്പറേഷന് 123701/- രൂപ (വികലാംഗ ക്ഷേമകോർപ്പറേഷന്റെ 21-2-19 ലെ ബിൽ നം. 226) നല്കിയിട്ടുണ്ടെങ്കിലും വീൽചെയർ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകളോ ഗുണഭോക്താക്കളുടെ അപേക്ഷകളോ ടിയാളുകൾ വീൽ ചെയർ ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യത്തിലാണെന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. 2018-19 കാലയളവിൽ വാങ്ങിയ വീൽചെയറുകളാണ് 2019-20ൽ വിതരണം ചെയ്തിരിക്കുന്നത്. മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 123701/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച നല്കിയ എൻക്വയറിക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്ത പക്ഷം രേഖകൾ ഇല്ലായെന്ന നിഗമനത്തിൽ 1997 ലെ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 13

തടസ്സപ്പെടുത്തുന്ന തുക – 123701/- രൂപ

1-18 കുറ്റിക്കുരുമുളക് കൃഷി വികസനം - കുറ്റിക്കുരുമുളക് തൈവിതരണം - സബ്സിഡി അധികമായി നല്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 30/20, കുറ്റിക്കുരുമുളക് കൃഷി വികസനം |
| അടങ്കൽ തുക | 300000/- രൂപ (വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 300000/- രൂപ (ബിൽ നം. 2/30-9-19) |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 150/- രൂപ നിരക്കിലുള്ള 2000 കുറ്റിക്കുരുമുളക്(bush Pepper With Grow Bag) 300000/- രൂപ ചെലവഴിച്ച് KAICOയിൽ നിന്നുംവാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/18 തസ്വഭവ തീ. 14-2-18) ഖ.6.1.4 ൽ 100% സബ്സിഡിയിൽ നല്കാവുന്ന ഭക്ഷ്യധാന്യ വിളകളിൽ കുറ്റിക്കുരുമുളക് തൈ(Bush Pepper) ഉൾപ്പെട്ടിട്ടില്ല, ടി ഖണ്ഡികയിൽ ഉൾപ്പെട്ടിട്ടുള്ളതും 100% സബ്സിഡിയിൽ നല്കാവുന്നതുമായ കുരുമുളക് വള്ളിക്ക് (Pepper Cutting) 2018-19ൽ കൃഷി വകുപ്പ് അംഗീകരിച്ച വിലവിവര പട്ടികയിൽ 12 രൂപ മാത്രമാണ് വില നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരം വിതരണം ചെയ്ത കുറ്റിക്കുരുമുളക് തൈ ഒരെണ്ണത്തിന് 150 രൂപയാണ് നല്കിയിട്ടുള്ളത്.

